(ജി) ഡൽഹിയിൽ ബ്രാഞ്ച് ആരംഭിക്കുന്നതിന് മറ്റാരെങ്കിലുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(എച്ച്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഐ) ഇക്കാര്യത്തിൽ വിമാനക്കൂലി, മറ്റു ചെലവുകൾ എന്ന വകയിൽ കെ.എസ്.എഫ്.ഇ.-ക്ക് ഇതുവരെയായി എത്ര സംഖ്യ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 ബ്രാഞ്ചുകൾ പുതിയതായി ആരംഭിച്ചു.

(ബി) ഉണ്ട്. 6 ബ്രാഞ്ചുകൾ ആരംഭിക്കാനുണ്ട്.

(സി) 1. മലപ്പുറം ഈവനിംഗ്-മലപ്പുറം
2. കോഴിക്കോട് ഈവനിംഗ്-കോഴിക്കോട്
3. കണ്ണൂർ ഈവനിംഗ്-കണ്ണൂർ
4. പുൽപ്പള്ളി-വയനാട്
5. നെടുങ്കണ്ടം-ഇടുക്കി
6. ഷൺമുഖം റോഡ്-എറണാകുളം

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) കെ.എസ്.എഫ്.ഇ.-യുടെ സാമ്പത്തിക സേവന പദ്ധതികൾ ഡൽഹിയിലെ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുവാൻ ഒരു സംയുക്ത സംരംഭം തുടങ്ങുവാൻ ഡൽഹി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ചുള്ള അനന്തരനടപടികളെപ്പറ്റി ചർച്ചകൾ നടത്തിവരുന്നു.

(ജി) ഉണ്ട്.

(എച്ച്) ഡൽഹി ഗവൺമെന്റ് ഡൽഹി ഫിനാൻഷ്യൽ കോർപ്പറേഷൻ, ഡൽഹി ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ അധികൃതരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഐ) 1,23,841 രൂപ (ഒരു ലക്ഷത്തി ഇരുപത്തി മൂവായിരത്തി എണ്ണൂറ്റി നാൽപ്പത്തി ഒന്ന് രൂപ) ചെലവായിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.-യിലെ നിയമാനുസൃതമല്ലാത്ത സ്ഥലം മാറ്റങ്ങൾ റദ്ദ് ചെയ്യാൻ നടപടി

27 [3313] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ സ്ഥലം മാറ്റത്തിന് എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിശദാംശം വ്യക്തമാക്കുമോ;

(സി) വിദൂര ജില്ലകളിൽ മൂന്നു വർഷത്തിൽ കൂടുതൽ സേവനത്തിനുശേഷം സ്വന്തം ജില്ലയിൽ ഒരു വർഷം തികയുന്നതിന് മുമ്പ് വീണ്ടും മറ്റു ജില്ലകളിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ ;

(ഡി) അത്തരം സ്ഥലം മാറ്റങ്ങൾ സർക്കാരിന്റെ അംഗീകൃത വ്യവസ്ഥകൾക്ക് അനുസൃതമാണോ ;

(ഇ) നിയമാനുസൃതമല്ലാതെ ഇപ്രകാരം എത്ര സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) അത്തരം സ്ഥലംമാറ്റങ്ങൾ റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) സർക്കാരിന്റെ സ്ഥലംമാറ്റ വ്യവസ്ഥകൾ കെ.എസ്.എഫ്.ഇ.-യിൽ നടപ്പിലാക്കിയിട്ടില്ല.

(ഇ, എഫ്) ഡി-ചോദ്യത്തിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ബാലുശ്ശേരി കെ.എസ്.എഫ്.ഇ.-യിൽ സ്റ്റാഫിന്റെ അപര്യാപ്തത

28 [3314] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി കെ.എസ്.എഫ്.ഇ. ബ്രാഞ്ചിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഓരോ വർഷവും എത്ര രൂപയുടെ ബിസിനസ് നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ബ്രാഞ്ചിൽ ഇടപാടുകാരുടെ എണ്ണം എത്രയാണ് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ ബ്രാഞ്ചിലെ ജോലി ഭാരം കണക്കിലെടുക്കുമ്പോൾ ഇന്നുള്ള സ്റ്റാഫ് തികച്ചും അപര്യാപ്തമാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബാലുശ്ശേരി ബ്രാഞ്ചിലെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ബിസിനസ് കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) 2003 മാർച്ചിലെ കണക്കനുസരിച്ച് 10,392 ഇടപാടുകാർ ബാലുശ്ശേരി ശാഖയിലുണ്ട്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly